**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് സർവകലാശാലയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് സർവ്വകലാശാലയിൽ ഉന്നത അക്കാദമിക തസ്തികകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് ദേശീയ പത്രങ്ങളിൽ പരസ്യം നൽകണമെന്ന യു.ജി.സി വ്യവസ്ഥ ലംഘിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇല്ല. സർവകലാശാല സ്റ്റാറ്റ്യൂട്ട് -ൽ നിർദേശിക്കുന്ന പ്രകാരം രണ്ട് മലയാളം ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും കൂടാതെ സർവകലാശാല വെബ്സൈറ്റിലും ഇത് സംബന്ധിച്ച പരസ്യം നൽകിയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത് . |
| (ബി) | സർവ്വകലാശാലയിൽ അടുത്തിടെ നടന്ന ഫിഷറിസ് ഡീൻ, റിസർച്ച് ഡയറക്ടർ എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഏതെല്ലാം ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുഫോസിൽ ഒഴിവുവന്ന ഗവേഷണ വിഭാഗം മേധാവിയുടെയും ഡീൻ ഫിഷറീസിന്റെയും തസ്തികയിൽ നിയമനം നടത്തുന്നതിനായി 17.02.2021 ന GA5/4419/20 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രഥമ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ടു മലയാള ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദേശീയ ദിനപത്രത്തിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു . പ്രഥമ സ്റ്റാറ്റ്യൂട്ടിലെ അധ്യായം VII, സ്റ്റാറ്റ്യൂട്ട് 79 (b) പ്രകാരം ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിന് സ്റ്റാറ്റ്യൂട്ടിലെ 79 (ii) പ്രകാരം സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചു. സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ മിനിട്സ്, റാങ്ക് ലിസ്റ്റ്, ശുപാർശ എന്നിവ 12.05.2021 ൽ കൂടിയ 74-ാംമത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതനുസരിച്ചു ഡോ. എം റോസലിൻഡ് ജോർജ്ജിനെ (പ്രൊഫസർ & ഹെഡ്, ഫിഷ് പാത്തോളജി ആൻഡ് ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, തമിഴ് നാട് ഡോ.ജെ. ജയലളിതാ ഫിഷറീസ് സർവകലാശാല, ഫിഷറീസ് കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൂത്തുക്കുടി) കുഫോസിലെ ഫിഷറീസ് ഫാക്കൽറ്റി ഡീനായും ഡോ. ദേവിക പിള്ളയെ (പ്രൊഫസർ & ഹെഡ്, അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മന്റ് വിഭാഗം, |

| | | | |
|---|---|---|---|
| | | | കുഫോസ്, പനങ്ങാട്) ഗവേഷണ വിഭാഗം മേധാവിയായും നിയമിച്ചു. |
| (സി) | ഇപ്രകാരം നിയമനം ലഭിച്ചത് ആർക്കൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കുഫോസിൽ ഒഴിവുവന്ന ഗവേഷണ വിഭാഗം മേധാവിയുടെയും ഡീൻ ഫിഷറീസിന്റെയും തസ്തികയിൽ നിയമനം നടത്തുന്നതിനായി 17.02.2021 ലെ GA5/4419/20 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രഥമ സ്റ്റാറ്റ്യൂട്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം രണ്ടു മലയാള ദിനപത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദേശീയ ദിനപത്രത്തിലും സർവ്വകലാശാലയുടെ വെബ്സൈറ്റിലും വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു . പ്രഥമ സ്റ്റാറ്റ്യൂട്ടിലെ അധ്യായം VII, സ്റ്റാറ്റ്യൂട്ട് 79 (b) പ്രകാരം ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിന് സ്റ്റാറ്റ്യൂട്ടിലെ 79 (ii) പ്രകാരം സെലക്ഷൻ കമ്മിറ്റിയെ നിയമിച്ചു. സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ മിനിട്സ്, റാങ്ക് ലിസ്റ്റ്, ശുപാർശ എന്നിവ 12.05.2021 ൽ കൂടിയ 74-ാംമത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതനുസരിച്ചു ഡോ. എം റോസലിൻഡ് ജോർജ്ജിനെ (പ്രൊഫസർ & ഹെഡ്, ഫിഷ് പാത്തോളജി ആൻഡ് ഹെൽത്ത് മാനേജ്മെന്റ് വിഭാഗം, തമിഴ് നാട് ഡോ.ജെ. ജയലളിതാ ഫിഷറീസ് സർവകലാശാല, ഫിഷറീസ് കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൂത്തുക്കുടി) കുഫോസിലെ ഫിഷറീസ് ഫാക്കൽറ്റി ഡീനായും ഡോ. ദേവിക പിള്ളയെ (പ്രൊഫസർ & ഹെഡ്, അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മന്റ് വിഭാഗം, കുഫോസ്, പനങ്ങാട്) ഗവേഷണ വിഭാഗം മേധാവിയായും നിയമിച്ചു. |
| (ഡി) | ഫിഷറീസ് സർവ്വകലാശാലയിലെ ഉന്നതരുടെ ബന്ധുക്കളെയാണ് പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുള്ളത് എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (ഡി) | ഇത് സംബന്ധിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടില്ലെങ്കിലും പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിശദവിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ